സാമ്പത്തിക വർഷം മുതൽ മാത്രമേ പദ്ധതികൾ പ്രാവർത്തികമാക്കാൻ കഴിയുകയുള്ളൂ.

പെൺകുട്ടികളുടെ സുരക്ഷ ഉറപ്പാക്കാൻ ജനമൈത്രി പദ്ധതിയിൽ ജാഗ്രതാ സമിതികൾ

21 (5928) ശ്രീ. എൻ. അനിരുദ്ധൻ :
ശ്രീ. പി. തിലോത്തമൻ :
ശ്രീ. രാജാജി മാത്യു തോമസ് :
ശ്രീ. എ. കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പെൺകുട്ടികളുടെ സുരക്ഷ ഉറപ്പാക്കാൻ ജാഗ്രതാ സമിതികൾ രൂപീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ സംസ്ഥാനത്ത് ഹൈസ്കൂൾ, ഹയർ സെക്കന്ററി സ്കൂൾ, കോളേജുകൾ എന്നിവ കേന്ദ്രീകരിച്ച് എത്ര വീതം ജാഗ്രതാ സമിതികൾ ഇതുവരെയായി രൂപീകരിച്ചിട്ടുണ്ട് ; ഈ ജാഗ്രതാ സമിതികളുടെ പ്രവർത്തനരീതി എന്താണെന്ന് വിശദമാക്കുമോ ?

ഉത്തരം

രൂപീകരിച്ചിട്ടുണ്ട്. ഹൈസ്ക്കൂൾ, ഹയർ സെക്കന്ററി സ്കൂൾ കേന്ദ്രീകരിച്ച് 140 സമിതികളും കോളേജുകൾ കേന്ദ്രീകരിച്ച് 24 സമിതികളും രൂപീകരിച്ചിട്ടുണ്ട്. ജാഗ്രതാ സമിതികൾ, സ്കൂൾ, കോളേജ്തലങ്ങളിൽ മീറ്റിംഗുകൾ സംഘടിപ്പിച്ച് കൗൺസിലിംഗ്, പൊതുസ്ഥലങ്ങളിലും യാത്രാവേളയിലും മറ്റും പെൺകുട്ടികൾക്ക് നേരെയുണ്ടാകുന്ന അക്രമ പ്രവർത്തനങ്ങൾക്കെതിരെ അവരെ ബോധവതികളാക്കുന്നതിന് വേണ്ട ക്ലാസ്സുകൾ എന്നിവ സംഘടിപ്പിക്കുക, അത്തരം വിഷയങ്ങൾ ദൂരീകരിക്കുന്നതിനുള്ള ക്രിയാത്മകമായ നടപടികൾ കൈക്കൊള്ളുക, കുട്ടികൾക്ക് ആത്മവിശ്വാസം നൽകുന്ന കരാട്ടെ, തയ്കൊണ്ട, കളരി തുടങ്ങിയവയിൽ ഏതിലെങ്കിലും ഉള്ള പരിശീലനം, വ്യക്തിത്വ വികസനം, വ്യക്തി ശുചിത്വം തുടങ്ങിയ കാര്യങ്ങളിൽ ക്ലാസ്സുകൾ സംഘടിപ്പിക്കുക, പ്രയോജനമുള്ള ടി.വി. പ്രോഗ്രാമുകൾ എങ്ങനെ തെരഞ്ഞെടുക്കണം, മൊബൈൽ ഫോൺ ഉപയോഗം കൊണ്ടുള്ള അപകടങ്ങൾ, ഇന്റർനെറ്റ് ഉപയോഗത്തിലും മറ്റും പതിയിരിക്കുന്ന അപകടങ്ങൾ തുടങ്ങിയ വിഷയങ്ങളിലും ക്ലാസ്സുകൾ നടത്തുക എന്നിവയാണ് സമിതിയുടെ പ്രവർത്തനങ്ങളിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്.

കോടതിയുടെ അനുമതിയോടെ പിൻവലിച്ച കേസ്സുകൾ

22 (5931) ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര ക്രിമിനൽ കേസ്സുകൾ പിൻവലിക്കാൻ കോടതികളുടെ അനുമതി തേടിയിട്ടുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly